2026
SEPTEMBER
15
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

# ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിംഗ് അവാർഡ് 2026 അജിമോൾ പ്രദീപിന്

## 2.5 കോടി രൂപയാണ് അവാർഡ് തുക

**കൊച്ചി:** ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിംഗ് അവാർഡ് 2026 വിജയിയായി യുകെയിൽ സേവന മനുഷ്ഠിക്കുന്ന കോട്ടയത്തിൽ നിന്നുള്ള മലയാളി നഴ്സ് അജിമോൾ പ്രദീപ് തിരഞ്ഞെടുക്കപ്പെട്ടു. 214 രാജ്യങ്ങളിൽ നിന്നുള്ള 1,34,000ത്തിലധികം രജിസ്ട്രേഷനുകളിൽ നിന്നാണ് ഈ വർഷത്തെ വിജയിയായി യുകെയിലെ കിംഗ്സ് കോളേജ് ഹോസ്പിറ്റലിലെ സീനിയർ ട്രാൻസ്പ്ലാന്റ് കോഓർഡിനേറ്ററും സൽഫോർഡ് യൂണിവേഴ്സിറ്റിയിലെ ഓണററി സീനിയർ ലക്ചററുമായ അജിമോൾ പ്രദീപിനെ കൊച്ചി ഗ്രാൻഡ് ഹയാത്തിൽ നടന്ന ചടങ്ങിൽ പ്രഖ്യാപിച്ചത്. പുരസ്കാരജേതാവിന് 250,000 യു.എസ് ഡോളർ (ഏകദേശം 2.5 കോടി രൂപ) സമ്മാനത്തുകയും ലഭിച്ചു.

മുഖ്യമന്ത്രി വി. ഡി. സതീശൻ, ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡ് സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമായ ഡോ. ആസാദ് മൂപ്പൻ, ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ അലീഷ മൂപ്പൻ, ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡ് ഡയറക്ടർ ടി. ജെ. വിൽസൺ, ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറും ഗ്രൂപ്പ് സിഇഒയുമായ വരുൺ ഖന്ന എന്നിവർ ചേർന്നാണ് പുരസ്കാരം സമ്മാനിച്ചത്. ലോകമെമ്പാടുമുള്ള ആരോഗ്യമേഖലയിൽ നഴ്സുമാർ നൽകുന്ന സംഭാവനകളെ ആദരിക്കുന്നതിൽ ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിംഗ് അവാർഡിന്റെ പങ്കിനെ പ്രശംസിക്കുകയും ചെയ്തുകൊണ്ട് ലോക ആരോഗ്യ സംഘടന (ഡബ്ല്യു.എച്ച്.ഒ) ഡയറക്ടർ ജനറൽ ഡോ. ടെഡ്രോസ് അദാനം ഗെബ്രിയേസസിന്റെ പ്രത്യേക സന്ദേശവും ചടങ്ങിൽ അവതരിപ്പിച്ചു. അവസാന പത്ത് സ്ഥാനങ്ങളിൽ എത്തിയ നഴ്സുമാരെ അദ്ദേഹം പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു.

ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിംഗ് അവാർഡ് നേടാനായത് വലിയൊരു ബഹുമതിയാണ്. ഇത്രനാൾ ചെയ്ത പ്രവർത്തനങ്ങളെ കൂടുതൽ മുന്നോട്ട് കൊണ്ടുപോകാനുള്ള പ്രചോദനം കൂടിയാണത്. ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നുള്ള അവയവ ദാതാക്കളുടെ കുറവ് മൂലം രോഗികൾ ഒട്ടേറെ കാലം കാത്തിരിക്കേണ്ടി വരുന്നത് കണ്ടിട്ടുണ്ട്. കൂടാതെ, പല പ്രതിബന്ധങ്ങൾ കാരണം മികച്ച കഴിവുള്ള നഴ്സുമാർക്കും ജോലിയിലേക്ക് തിരിച്ചെത്താൻ കഴിയാത്ത സാഹചര്യവുമുണ്ട്. ഇത്തരം വിഷയങ്ങളിൽ മാറ്റങ്ങൾ കൊണ്ടുവരാൻ ഈ അവാർഡ് തുക ഉപയോഗിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സമ്മാനത്തുകയുടെ പകുതിഭാഗം ' ഉപഹാർ പദ്ധതിക്കും, അവയവസ്റ്റെം സെൽ ദാനം വ്യാപിപ്പിക്കുന്നതിനും ഉപയോഗിക്കും. കൂടാതെ നഴ്സിംഗ് വിദ്യാഭ്യാസത്തിലും പരിശീലനത്തിലും നിക്ഷേപിക്കാനും കൂടുതൽ നഴ്സുമാരെ മാറ്റത്തിന്റെ വക്താക്കളാക്കാനും ഞാൻ ആഗ്രഹിക്കുന്നു. സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവരാനും ആയിരക്കണക്കിന് ആളുകൾക്ക് ജീവൻ തിരികെ നൽകാനും ഈ അവാർഡ് നേട്ടം സഹായിച്ചാൽ, അതായിരിക്കും ഏറ്റവും വലിയ നേട്ടം.' പുരസ്കാരനേട്ടത്തെക്കുറിച്ച് പ്രതികരിച്ചുകൊണ്ട് ഡോ. അജിമോൾ പ്രദീപ് പറഞ്ഞു

യുകെയിലെ കിംഗ്സ് കോളേജ് ഹോസ്പിറ്റലിലെ സീനിയർ ട്രാൻസ്പ്ലാന്റ് കോഓർഡിനേറ്ററും സൽഫോർഡ് യൂണിവേഴ്സിറ്റിയിലെ ഓണററി സീനിയർ ലക്ചററുമായ ഡോ. അജിമോൾ പ്രദീപ്, ആരോഗ്യരംഗത്തെ അസമത്വങ്ങൾ പരിഹരിക്കുന്നതിനും പരിചരണ ലഭ്യത ഉറപ്പാക്കുന്നതിനുമായി തന്റെ കരിയർ സമർപ്പിച്ചിരിക്കുന്നത്. ദക്ഷിണേഷ്യൻ രോഗികളെ ബാധിക്കുന്ന ദാതാക്കളുടെ കുറവ് മനസ്സിലാക്കിയ അവർ, തന്റെ ഗവേഷണത്തെ അതിൽ കേന്ദ്രികരിച്ച് പ്രവർത്തനങ്ങളാക്കി മാറ്റി. അങ്ങനെ സ്ഥാപിച്ച ഉപഹാർ പദ്ധതിയിലൂടെ 10,000ത്തിലധികം സ്റ്റെം സെൽ ദാതാക്കളെ രജിസ്റ്റർ ചെയ്യാൻ സാധിച്ചു. അന്താരാഷ്ട്ര തലത്തിൽ പരിശീലനം ലഭിച്ച നഴ്സുമാർക്ക് യുകെയിലെ തൊഴിൽ മേഖലയിലേക്ക് പുനഃപ്രവേശനം സാധ്യമാക്കുന്ന നിയമപരമായ മാറ്റങ്ങൾക്കും ഇവരുടെ പ്രവർത്തനങ്ങൾ വഴിവെച്ചു. ഈ സേവനങ്ങൾക്ക് യുകെ ഭരണകൂടത്തിന്റെ ബ്രിട്ടീഷ് എംപയർ മെഡൽ' ബഹുമതിയും ലഭിച്ചിട്ടുണ്ട്.

മറ്റ് 9 ഫൈനലിസ്റ്റുകൾ: ഡോ. ഐഡ അൽകൈസി (സ്വീഡൻ), ദിനാ സെവില്ല (സൗദി അറേബ്യ), ഡോ. ഹമ്മോഡ അബുഒഡാ (ഹോങ്കോങ് എസ്.എ.ആർ, ചൈന), ഹിന്ദുംബി കൌരോം കക്കഡെ (ഇന്ത്യ), ജോഹാന പട്രീഷ്യ ഗാൽവൻ ബാരിയോസ് (കൊളംബിയ), ജോസഫൈൻ നെലാഗോ അംഗുല (നമീബിയ), ഒലുച്ചി ഏഞ്ചൽ ഒകോയി (നൈജീരിയ), പീറ്റർ ഫോറെ (പാപ്പുവ ന്യൂ ഗിനിയ), റൊണാൾഡ് മരിയോ കനാസ് റോജാസ് (കൊളംബിയ). പ്രൊഫഷണൽ നേട്ടങ്ങൾ, നേതൃത്വം, നവീകരണം, സ്വാധീനം, നഴ്സിംഗ് ജോലിയിലുള്ള സംഭാവനകൾ എന്നിവ വിലയിരുത്തി ഏണസ്റ്റ് ആന്റ് യംഗ് എൽഎൽപി, സ്ക്രീനിംഗ് ജൂറി, ഗ്രാൻഡ് ജൂറി എന്നിവർ ഉൾപ്പെട്ട സമഗ്രമായ തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ് ഈ 10 ഫൈനലിസ്റ്റുകൾ അന്തിമഘട്ടത്തിലെത്തിയത്.




**മുഖ്യമന്ത്രി വി. ഡി. സതീശൻ, ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡ് സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമായ ഡോ. ആസാദ് മൂപ്പൻ, ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ അലീഷ മൂപ്പൻ, ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡ് ഡയറക്ടർ ടി. ജെ. വിൽസൺ, ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറും ഗ്രൂപ്പ് സിഇഒയുമായ വരുൺ ഖന്ന എന്നിവർ ചേർന്ന് നഴ്സ് അജിമോൾ പ്രദീപിന് ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിംഗ് അവാർഡ് 2026 പുരസ്കാരം സമ്മാനിക്കുന്നു.**




# ലൈഫ് ഇൻഷ്വറൻസ് മേഖലയിലേക്ക് കടക്കാൻ ഇന്ത്യൻ ബാങ്ക്

**ചെന്നൈ:** ലൈഫ് ഇൻഷ്വറൻസ്, അസറ്റ് മാനേജ്മെൻറ് മേഖലകളിലേക്ക് പ്രവേശിക്കാനുള്ള ഇന്ത്യൻ ബാങ്കിൻറെ പദ്ധതികൾ ആസൂത്രണം ചെയ്തതുപോലെ മുന്നോട്ടുപോകുകയാണെന്ന് ബാങ്ക് എംഡിയും സിഇഒയുമായ ബിനോദ് കുമാർ പറഞ്ഞു. ഇതിനുള്ള അനുമതിക്കായി ഉടൻ തന്നെ നിർദിഷ്ട സബ്സിഡിയറികൾക്കോ സംയുക്ത സംരംഭങ്ങൾക്കോ ആയി ബോർഡിൻറെ അനുമതി തേടുന്ന പ്രക്രിയയിലാണ് ബാങ്ക് നിലവിലുള്ളതെന്നും അതിനുശേഷം മറ്റ് ആവശ്യമായ നടപടികൾ ആരംഭിക്കുമെന്നും കുമാർ പിടിഐക്കു നൽകിയ അഭിമുഖത്തിൽ പറഞ്ഞു.

ശക്തനായ ഒരു പങ്കാളിക്ക് സമ്പത്ത് വർധിപ്പിക്കുന്നത് വേഗത്തിലാക്കാൻ കഴിയുമെന്നതിനാൽ, അനുയോജ്യരായ പങ്കാളിയെ കണ്ടെത്തുന്നത് ഈ പ്രക്രിയയിലെ ഒരു പ്രധാന ഘടകമായിരിക്കുമെന്ന് കുമാർ പറഞ്ഞു.




യൂണിവേഴ്സൽ സോംപോ ജനറൽ ഇൻഷ്വറൻസ് കമ്പനിയിൽ 28.52 ശതമാനം ഓഹരി പങ്കാളിത്തത്തോടെ ഇന്ത്യൻ ബാങ്ക് നിലവിൽ ജനറൽ ഇൻഷ്വറൻസ് മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. 2020ൽ അലഹാബാദ് ബാങ്കിന്റെ ലയനത്തോടെയാണ് ഈ ഓഹരി പങ്കാളിത്തം ഇന്ത്യൻ ബാങ്കിന് ലഭിച്ചത്.

2007ൽ സ്ഥാപിതമായ യൂണിവേഴ്സൽ സോംപോ ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, ഇന്ത്യൻ ബാങ്ക് (28.52 ശതമാനം), ഇന്ത്യൻ ഓവർസീസ് ബാങ്ക് (18.06 ശതമാനം), കർണാടക ബാങ്ക് (6 ശതമാനം), ഡാബർ ഇൻവെസ്റ്റ്മെൻറ് കോർപറേഷൻ (12.81 ശതമാനം), ജപ്പാനിലെ പ്രമുഖ ജനറൽ ഇൻഷ്വറൻസ് കമ്പനിയായ സോംപോ ജപ്പാൻ ഇൻഷ്വറൻസ് ഇൻക് (ഏറ്റവും കൂടുതൽ ഓഹരിയായ 34.61 ശതമാനം) എന്നിവരുടെ ഒരു സംയുക്തസംരംഭമാണ്.

പശ്ചിമേഷ്യയിലുടനീളമുള്ള വൻകിട ഇന്ത്യൻ പ്രവാസി സമൂഹം മുന്നോട്ടുവയ്ക്കുന്ന ബിസിനസ് സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ദുബായിൽ ഒരു റെപ്രസെൻറേറ്റീവ് ഓഫിസ് ആരംഭിക്കാൻ ഇന്ത്യൻ ബാങ്ക് ലക്ഷ്യമിടുന്നതായി വ്യക്തമാക്കി.

നിലവിൽ ബാങ്കിന് സിംഗപ്പൂരിൽ പൂർണസജ്ജമായ ഒരു അന്താരാഷ്ട്ര ശാഖയും ശ്രീലങ്കയിലെ കൊളംബോ, ജാഫ്ന എന്നിവിടങ്ങളിൽ ശാഖകളുമുണ്ട്.





**ട്വന്റി20 മാളിയേക്കമോളം വാർഡ് സമ്മേളനവും വിദ്യാഭ്യാസ അവാർഡ് ദാനവും ലഹരി വിരുദ്ധ സെമിനാറും സംസ്ഥാന ചെയർമാൻ ബോബി എം ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു. പഞ്ചായത്ത് മെമ്പർ രാധാമണി ധരണീന്ദ്രൻ , ഭാരവാഹികളായ അഡ്വ. ചാർളിപോൾ,ഷീബ ജോർജ്, ജെനീസ് പി കാച്ചപ്പിള്ളി, വി.എ അഗസ്റ്റിൻ, കുര്യൻ ജേക്കബ്, പി എ അസ്മ, ഷൈജു ബാലകൃഷ്ണൻ എന്നിവർ സമീപം.**

# ഗാർമെന്റ്സ് പ്രീമിയർ ലീഗ് 7ാം പതിപ്പ് നവംബർ 10 മുതൽ ഗോവയിൽ

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഗാർമെന്റ്സ് ക്രിക്കറ്റ് ലീഗായ കൂൾ കളേഴ്സ് ഗാർമെന്റ്സ് പ്രീമിയർ ലീഗിന്റെ (ജിപിഎൽ) ഏഴാം പതിപ്പ് 2026 നവംബർ 10 മുതൽ 14 വരെ ഗോവയിലെ മഡ്ഗോവ ക്രിക്കറ്റ് ക്ലബ്ബിൽ വെച്ച് നടക്കുമെന്ന് സംഘാടകർ കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ആകെ 12 ടീമുകൾ മാറ്റുരയ്ക്കുന്ന ടൂർണ്ണമെന്റിന്റെ ജേഴ്സി പ്രകാശനം കൊച്ചി അവന്യൂ റീജന്റ് ഹോട്ടലിൽ വെച്ച് നടന്ന ചടങ്ങിൽ ഭാരവാഹികൾ നിർവ്വഹിച്ചു. കൂൾ കളേഴ്സ് പ്രധാന സ്പോൺസറാകുന്ന ഈ കായിക മാമാങ്കത്തിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രമുഖ വസ്ത്ര ബ്രാൻഡുകളുടെ പ്രതിനിധികൾ, കേരളത്തിലെ വസ്ത്രവ്യാപാരികൾ, വിതരണക്കാർ ഉൾപ്പെടെ 300ലേറെ പേർ പങ്കാളികളാകുമെന്ന് പ്രസിഡന്റ് വി. എച്ച്. എം. അഹമ്മദുള്ള, സെക്രട്ടറി സാബി ജോൺ, ട്രഷറർ ജിനോയി വർഗ്ഗീസ്, കൺവീനർ ജുനൈദ്, മുജീബ് റഹ്മാൻ, കെ. എം. റ്റി. മാലിക് എന്നിവർ വ്യക്തമാക്കി. തൃപ്പൂണിത്തുറ കേന്ദ്രമായി പ്രവർത്തിക്കുന്ന ഗാർമെന്റ് ക്രിക്കറ്റ് അസോസിയേഷൻ ട്രസ്റ്റിന്റെ നേതൃത്വത്തിൽ 2016ൽ തൃപ്പൂണിത്തുറ പാലസ് ഓവൽ ഗ്രൗണ്ടിലാണ് ഈ മത്സരത്തിന് തുടക്കമിട്ടത്. തുടർന്നുള്ള വർഷങ്ങളിൽ വയനാട്, തൊടുപുഴ, ഗോവ, ബാംഗ്ലൂർ തുടങ്ങിയ സ്ഥലങ്ങളിലെ പ്രമുഖ ഗ്രൗണ്ടുകളിലും വിജയകരമായി ടൂർണ്ണമെന്റ് സംഘടിപ്പിച്ചു. ടെക്സ്റ്റൈൽ, ഗാർമെന്റ്സ് മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ മാനസികവും ശാരീരികവും തൊഴിൽപരവുമായ ഉന്നമനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ട്രസ്റ്റ്, ടൂർണ്ണമെന്റിൽ നിന്ന് ലഭിക്കുന്ന വരുമാനം വിവിധ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിക്കുന്നത്.

# ട്വന്റി20 സമ്മേളനവും അവാർഡ് ദാനവും ലഹരി വിരുദ്ധ സെമിനാറും

**കിഴക്കമ്പലം:** ട്വന്റി 20മാളിയേക്കമോളം വാർഡ് സമ്മേളനവും ഉന്നത വിജയം കൈവരിച്ച കുട്ടികൾക്കുള്ള വിദ്യാഭ്യാസ അവാർഡ് ദാനവും ലഹരി വിരുദ്ധ സെമിനാറും നടത്തി. ട്വന്റി20 പാർട്ടി ചെയർമാൻ ബോബി .എം ജേക്കബ് സമ്മേളനം ഉദ്ഘാടനം ചെയ്തു. വാർഡ് പ്രസിഡന്റ് വി.എ അഗസ്റ്റിൻ  യോഗത്തിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന എക്സിക്യൂട്ടിവ് ബോർഡ് അംഗം അഡ്വ ചാർളിപോൾ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന എക്സിക്യൂട്ടീവ് ബോർഡ് അംഗം പി.പി സനകൻ, പഞ്ചായത്ത് വാർഡ് മെമ്പർ രാധാമണി ധരണീന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ പി.എ അസ്മ, ഷീബ ജോർജ്, ജെനീസ് പി. കാച്ചപ്പിള്ളി, കുര്യൻ ജേക്കബ് ,ഷൈജു ബാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. അഡ്വ. ബേബി എബ്രഹാം ലഹരി വിരുദ്ധ ക്ലാസ് നയിച്ചു.



**പ്രവാസികൾക്ക് വിദേശത്തുനിന്ന് വോട്ട് ചെയ്യാൻ സൗകര്യമൊരുക്കണമെന്ന ആവശ്യം ഉന്നയിച്ച് വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ വൈസ് പ്രസിഡന്റ് ഡോ. പി. ബി. ബോസ്, ഇന്ത്യ റീജിയൻ ചെയർമാൻ അഡ്വ. കെ. വി. സാബു എന്നിവർ ന്യൂഡൽഹിൽ ബിജെപി ദേശീയ വൈസ് പ്രസിഡന്റ് രാം മാധവുമായി കൂടികാഴ്ച്ച നടത്തുന്നു.**

# പ്രവാസികൾക്ക് വിദേശത്തുനിന്ന് വോട്ട് ചെയ്യാൻ സൗകര്യമൊരുക്കണം: വേൾഡ് മലയാളി കൗൺസിൽ

**കൊച്ചി:** പ്രവാസി ഇന്ത്യക്കാരുടെ വോട്ടവകാശം കൂടുതൽ പ്രായോഗികമാക്കാൻ വിദേശത്തുനിന്ന് വോട്ട് ചെയ്യാനുള്ള സൗകര്യമൊരുക്കണമെന്ന ആവശ്യമടക്കം അവർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ഉന്നയിച്ച് വേൾഡ് മലയാളി കൗൺസിൽ നേതാക്കൾ ബിജെപി ദേശീയ വൈസ് പ്രസിഡന്റ് രാം മാധവുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ വൈസ് പ്രസിഡന്റ് ഡോ. പി. ബി. ബോസ്, ഇന്ത്യ റീജിയൻ ചെയർമാൻ അഡ്വ. കെ. വി. സാബു എന്നിവരാണ് കൂടിക്കാഴ്ചയിൽ പങ്കെടുത്തത്.

വോട്ടർപട്ടികയിൽ പേരുള്ള പ്രവാസികൾക്ക് സ്വന്തം മണ്ഡലത്തിലെ ബൂത്തിൽ നേരിട്ടെത്താതെ വോട്ട് ചെയ്യാൻ ഇലക്ട്രോണിക് പോസ്റ്റൽ ബാലറ്റ്, എംബസി, കോൺസുലേറ്റ് അധിഷ്ഠിത വോട്ടിങ് അല്ലെങ്കിൽ മറ്റു സുരക്ഷിത സാങ്കേതിക സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് നേതാക്കൾ ആവശ്യപ്പെട്ടു. ഇതിനുപുറമേ വിദേശത്ത് പ്രതിസന്ധിയിലാകുന്ന ഇന്ത്യക്കാർക്ക് വേഗത്തിലുള്ള കോൺസുലാർ സഹായം, ഏകീകൃത പരാതി പരിഹാര സംവിധാനം, വിദേശ തൊഴിൽ തട്ടിപ്പുകൾ തടയൽ, സുരക്ഷിത റിക്രൂട്ട്മെന്റ്, നാട്ടിലെ സ്വത്ത്നിക്ഷേപ നിയമപ്രശ്നങ്ങൾക്ക് സമയബന്ധിത പരിഹാരം, പ്രവാസി തൊഴിലാളികൾക്കുള്ള ഇൻഷുറൻസും സാമൂഹിക സുരക്ഷയും, മടങ്ങിയെത്തുന്നവർക്ക് പുനരധിവാസവും സംരംഭക സഹായവും, വിദേശത്ത് പഠിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികൾക്ക് അടിയന്തര സഹായ സംവിധാനം എന്നിവയും ചർച്ചയായി. എംബസികളെയും കേന്ദ്രസംസ്ഥാന സർക്കാരുകളെയും പ്രവാസി സംഘടനകളെയും ബന്ധിപ്പിക്കുന്ന ഏകീകൃത ഡിജിറ്റൽ സഹായ സംവിധാനം രൂപീകരിക്കണമെന്ന് അഭ്യർത്ഥിച്ച നേതാക്കൾ, പ്രവാസികളുടെ ജനാധിപത്യ പങ്കാളിത്തവും സുരക്ഷയും ഉറപ്പാക്കാൻ വിശദമായ നിവേദനം കേന്ദ്ര സർക്കാരിന് സമർപ്പിക്കുമെന്നും വ്യക്തമാക്കി.





കിഴക്കമ്പലം ഭക്ഷ്യസുരക്ഷാ മാർക്കറ്റിൽ നിന്നും സാധനങ്ങൾ വാങ്ങി തിരികെ പോകാൻ ട്വന്റി20 പാർട്ടി ഒരുക്കിയ സൗജന്യ ബസ്സ് സർവ്വീസിന്റെ ഫ്ളാഗ് ഓഫ് മഴുവന്നൂരിൽ സംഘടിപ്പിച്ച ചടങ്ങിൽ പാർട്ടി പ്രവർത്തകരുടെയും, പഞ്ചായത്ത് അംഗങ്ങളുടെയും സാന്നിധ്യത്തിൽ പാർട്ടി ചെയർമാൻ ബോബി എം. ജേക്കബ് നിർവ്വഹിക്കുന്നു.

# കിഴക്കമ്പലം ഭക്ഷ്യസുരക്ഷാ മാർക്കറ്റിലേക്ക് സൗജന്യ ബസ് സർവീസ് ഒരുക്കി ട്വന്റി20 പാർട്ടി

**കിഴക്കമ്പലം:** ട്വന്റി20 പാർട്ടിയുടെ നേതൃത്വത്തിൽ കിഴക്കമ്പലത്ത് പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ മാർക്കറ്റിലേക്ക് എത്തുന്ന ഉപഭോക്താക്കൾക്കായി ട്വന്റി20 പാർട്ടി സൗജന്യ യാത്ര സൗകര്യം ഏർപ്പെടുത്തി. കിഴക്കമ്പലം, മഴുവന്നൂർ, കുന്നത്തുനാട്, പൂതൃക്ക, ഐക്കരനാട്, തിരുവാണിയൂർ,പുത്തൻകുരിശ് എന്നീ പഞ്ചായത്തുകളിൽ നിന്നുള്ള കാർഡ് ഉടമകൾക്ക് മാർക്കറ്റിലെത്തി നിത്യോപയോഗ സാധനങ്ങൾ വാങ്ങി തിരികെ വീട്ടിലെത്തുന്നതിനായി സജ്ജമാക്കിയ പുതിയ ബസ് സർവീസിന്റെ ഫ്ളാഗ് ഓഫ് മഴുവന്നൂരിൽ സംഘടിപ്പിച്ച ചടങ്ങിൽ ട്വന്റി20 പാർട്ടി ചെയർമാൻ ബോബി എം. ജേക്കബ് നിർവ്വഹിച്ചു. ആഴ്ചയിൽ ആറ് ദിവസവും മുൻകൂട്ടി നിശ്ചയിച്ച സമയങ്ങളിൽ കൃത്യമായ ഇടവേളകളിൽ ഈ ബസുകൾ റൂട്ടുകളിൽ സർവീസ് നടത്തും. സാധാരണക്കാരുടെ ജീവിതനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഭക്ഷ്യസുരക്ഷാ മാർക്കറ്റിന്റെ ആനുകൂല്യങ്ങൾ തടസ്സമില്ലാതെ ഓരോ കാർഡ് ഉടമയ്ക്കും ലഭ്യമാക്കാനാണ് ഈ സൗജന്യ യാത്രാ സൗകര്യത്തിലൂടെ ശ്രമിക്കുന്നതെന്ന് ബോബി എം. ജേക്കബ് വ്യക്തമാക്കി.

# സിഡ്നി, സിംഗപ്പൂർ മോഡലിൽ ഓഷ്യനേറിയം, കൊച്ചിക്ക് സമഗ്ര ഗതാഗത പദ്ധതി: നടപടികൾ ഉടനെന്ന് മുഖ്യമന്ത്രി

**കൊച്ചി:** കൊച്ചിയിൽ നഗര ഗതാഗത സംവിധാനങ്ങൾ ഏകോപിപ്പിച്ചു നടപ്പാക്കുന്ന സമഗ്ര നഗരാസൂത്രണ പദ്ധതിയുടെ നടപടിക്രമങ്ങൾ ഈ മാസം ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. മെട്രോ, വാട്ടർ മെട്രോ, ബോട്ടിങ് സംവിധാനങ്ങളും പുഴകളുടെ കണക്റ്റിവിറ്റി, റോഡ് ഗതാഗതം എന്നിവയും സമഗ്രമായി സംയോജിപ്പിച്ച് ആധുനിക നഗരങ്ങളുടെ മാതൃകയിലുള്ള പൈലറ്റ് പ്രോജക്ടാണ് നടപ്പാക്കുക. എറണാകുളം കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രന്റെ സാമൂഹിക സേവനത്തിന്റെ സുവർണ ജൂബിലി ആദരച്ചടങ്ങിൽ പ്രസംഗിക്കുകയായിരുന്നു മുഖ്യമന്ത്രി. മെട്രോപ്പൊലിറ്റൻ സ്വഭാവമുള്ള കൊച്ചിയെ ഇന്ത്യയിലെ തന്നെ മികച്ച നഗരമാക്കി മാറ്റുകയാണ് ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു.

“സിഡ്നി, സിംഗപ്പൂർ മോഡലിൽ രാജ്യാന്തര നിലവാരത്തിലുള്ള ഓഷ്യനേറിയം കൊച്ചിയിൽ സ്ഥാപിക്കും. ഇതിനായി 30 ഏക്കർ സ്ഥലം വിട്ടുനൽകാൻ തീരുമാനിച്ചിട്ടുണ്ട്. നഗരത്തോടു ചേർന്നു ഫിലിം സിറ്റിക്കായുള്ള പ്രാഥമിക പ്രവർത്തനങ്ങളും ആരംഭിച്ചു. കേരളത്തിന്റെയും ഇന്ത്യയുടെയും ലോകത്തിന്റെയും സമുദ്ര ചരിത്രത്തെ അനാവരണം ചെയ്യുന്ന മാരിടൈം മ്യൂസിയവും നദികളെ ബന്ധിപ്പിക്കുന്ന റിവർ ക്രൂസ് പദ്ധതിയും നിലവിൽ വരും. സർക്കാരിന്റെ സ്വപ്ന പദ്ധതിയായ പോർട്ട് സിറ്റിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി കൊച്ചിയിൽ ആഗോള നിലവാരത്തിലുള്ള ക്രൂസ് ടെർമിനൽ സജ്ജമാക്കും”- അദ്ദേഹം പറഞ്ഞു.






കെ.സി നരേന്ദ്രൻ, അഡ്വ. അനിൽ വിളയിൽ, കെ.വി. രാജേഷ്, വി.ആർ.രാജശേഖരൻ

# വിശ്വ ഹിന്ദു പരിഷത്ത്: പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുത്തു. കെ.സി നരേന്ദ്രൻ(സംസ്ഥാന പ്രസിഡന്റ്), അഡ്വ. അനിൽ വിളയിൽ (സംസ്ഥാന ജനറൽ സെക്രട്ടറി), കെ.വി. രാജേഷ് (സംസ്ഥാന ട്രഷറർ) വി.ആർ രാജശേഖരൻ (സംസ്ഥാന വർക്കിംഗ് പ്രസിഡന്റ്), കെ.ആർ കണ്ണൻ (സംഘടനാ സെക്രട്ടറി), എൻ. വാസുദേവൻ (ജോയിന്റ് ട്രഷറർ), വി. ശ്രീകുമാർ,

പ്രസന്ന ബാഹുലേയൻ, എം കെ ദിവാകരൻ, മിനി ഹരികുമാർ (വൈസ് പ്രസിഡന്റുമാർ) അഭിനു സുരേഷ്, ഒ.കെ സജയൻ, അഡ്വ. ടി.സി അനുരാഗ്, ഉണ്ണികൃഷ്ണൻ ആറന്മുള (ജോയിന്റ് സെക്രട്ടറിമാർ) എന്നിവരെയാണ് കൊച്ചിയിൽ നടന്ന സംസ്ഥാന വാർഷിക ബൈഠക്കിൽ തിരഞ്ഞെടുത്തത്.





സഞ്ജയ് സനൽ, ദീപു ഉമ്മൻ, എം.പി. ലികേഷ്

# അക്കേഷ്യ: സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** ഓൾ കേരള ഇലക്ട്രോണിക് സെക്യൂരിറ്റി ആൻഡ് സിസ്റ്റം ഇന്റഗ്രേറ്റേഴ്സ് അസോസിയേഷന്റെ (അക്കേഷ്യ) 202628 വർഷത്തേയ്ക്കുള്ള പുതിയ സംസ്ഥാന ഭാരവാഹികളെ വാർഷിക പൊതുയോഗം തിരഞ്ഞെടുത്തു. സഞ്ജയ് സനൽ (സംസ്ഥാന പ്രസിഡന്റ്), ദീപു ഉമ്മൻ (സംസ്ഥാന സെക്രട്ടറി), എം.പി. ലികേഷ് (സംസ്ഥാന ട്രഷറർ) എന്നിവരാണ് പുതിയ ഭാരവാഹികൾ. കഴിഞ്ഞ പത്ത് വർഷത്തെ മികച്ച പ്രവർത്തനങ്ങളിലൂടെ ഉപഭോക്താക്കൾക്ക് ഏറ്റവും വിശ്വസനീയമായ ഇലക്ട്രോണിക് ഉൽപ്പന്നങ്ങളും വിൽപ്പനാനന്തര സേവനങ്ങളും ആധുനിക സുരക്ഷാ സംവിധാനങ്ങളും ലഭ്യമാക്കാൻ സംഘടനയ്ക്ക് സാധിച്ചതായി പ്രസിഡന്റ് സഞ്ജയ് സനൽ പറഞ്ഞു. സംസ്ഥാനത്ത് സി.സി.ടി.വി ക്യാമറകളുടെ വിപുലമായ ഉപയോഗവും അത്യാധുനിക ഇലക്ട്രോണിക് സുരക്ഷാ ഉപകരണങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണവും കുറ്റകൃത്യങ്ങൾ വലിയ അളവിൽ നിയന്ത്രിക്കാൻ സഹായിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ദീപു ഉമ്മൻ വ്യക്തമാക്കി.

# നീരേറ്റുപുറം പമ്പാ ജലമേള: ചെറുതന ചുണ്ടൻ ജേതാക്കൾ

**നീരേറ്റുപുറം (പത്തനംതിട്ട):** പമ്പാ വാട്ടർ സ്റ്റേഡിയത്തിൽ നടന്ന 69-ാമത് നീരേറ്റുപുറം പമ്പാ ജലമേളയിൽ പള്ളാത്തുരുത്തി ബോട്ട് ക്ലബ് തുഴഞ്ഞ ചെറുതന ചുണ്ടൻ ജേതാക്കളായി. തലവടി ബോട്ട് ക്ലബ് തുഴഞ്ഞ തലവടി ചുണ്ടൻ രണ്ടാം സ്ഥാനവും കുമരകം ടൗൺ ബോട്ട് ക്ലബ് തുഴഞ്ഞ കാരിച്ചാൽ മൂന്നാം സ്ഥാനവും നേടി. ചുണ്ടൻ വള്ളങ്ങളുടെ ലൂസേഴ്സ് ഫൈനലിൽ നിരണം ബോട്ട് ക്ലബ് തുഴഞ്ഞ നിരണം ചുണ്ടൻ ഒന്നാമതെത്തി.

ഇരുട്ടുകുത്തി ( ബി-ഗ്രേഡ്) സെന്റ് ജോസഫ് ചാംപ്യൻമാരായി. വലിയ പണ്ഡിതനാണ് രണ്ടാം സ്ഥാനം. വെപ്പ് വള്ളങ്ങളുടെ (എ -ഗ്രേഡ്) മത്സരത്തിൽ നെപ്പോളിയൻ ഒന്നാം സ്ഥാനവും ഷോട്ട് പുളിക്കത്ര രണ്ടാം സ്ഥാനവും നേടി. 6 ചുണ്ടൻ വള്ളങ്ങൾ ഉൾപ്പെടെ 20 ഓളം കളി വള്ളങ്ങൾ മത്സരത്തിൽ പങ്കെടുത്തു. വിജയികൾക്ക് കെ.സി.മാമ്മൻ മാപ്പിള ട്രോഫി, ജനകീയ ട്രോഫി എന്നീ ട്രോഫികൾ സമ്മാനിച്ചു. മറ്റു വിഭാഗത്തിലെ വിജയികൾക്ക് വിവിധ ട്രോഫികൾ നൽകി.

ജലമേളയ്ക്ക് മത്സര വള്ളങ്ങൾ അണിനിരന്ന മാസ് ഡ്രില്ലോടെയായിരുന്നു തുടക്കം. മാസ് ഡ്രിൽ രാജ്യസഭ മുൻ ഉപാധ്യക്ഷൻ പി.ജെ.കുര്യൻ ഉദ്ഘാടനം ചെയ്തു. ജലമേള ചെയർമാൻ റെജി ഏബ്രഹാം അധ്യക്ഷത വഹിച്ചു. സമ്മേളന ഉദ്ഘാടനം വർഗീസ് മാമ്മൻ എംഎൽഎയും മത്സരങ്ങളുടെ ഉദ്ഘാടനം റെജി ചെറിയാൻ എംഎൽഎയും നിർവഹിച്ചു. വർക്കിങ് പ്രസിഡന്റ് വിക്ടർ ടി.തോമസ് മുഖ്യപ്രഭാഷണം നടത്തി. കൊടിക്കുന്നിൽ സുരേഷ് എംപി, റെജി ചെറിയാൻ എംഎൽഎ എന്നിവർ വിജയികൾക്ക് ട്രോഫികൾ സമ്മാനിച്ചു.



## സെപ്സിസിന്റെ മറഞ്ഞിരിക്കുന്ന ലക്ഷണങ്ങൾ

# ഒരു സാധാരണ അണുബാധ ജീവന് ഭീഷണിയാകുമ്പോൾ




**ഡോ. (മേജർ) നിമിത കെ. മോഹൻ**
കൺസൾട്ടന്റ് ക്ലിനിക്കൽ മൈക്രോബയോളജി & ഇൻഫെക്ഷൻ കൺട്രോൾ, ആസ്റ്റർ മെഡ്സിറ്റി, കൊച്ചി.

സെപ്റ്റംബർ 13 ലോക സെപ്സിസ് ദിനമായി ആചരിക്കുന്നു. പലപ്പോഴും നമ്മൾ നിസ്സാരമെന്ന് കരുതുന്ന ഒരു അണുബാധ നമ്മുടെ ജീവൻ തന്നെ കവർന്നെടുക്കുന്ന അവസ്ഥയെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? അതാണ് സെപ്സിസ്. ശരീരത്തിലുണ്ടാകുന്ന ഒരു അണുബാധയോട് നമ്മുടെ പ്രതിരോധ സംവിധാനം അമിതമായി പ്രതികരിക്കുകയും, അത് സ്വന്തം അവയവങ്ങളെയും കോശങ്ങളെയും നശിപ്പിക്കാൻ തുടങ്ങുകയും ചെയ്യുന്ന വളരെ അപകടകരമായ അവസ്ഥയാണിത്.

**ഒരു സാധാരണ അണുബാധ എങ്ങനെ ജീവന് ഭീഷണിയാകുന്നു?**

ചെറിയൊരു മുറിവ്, മൂത്രാശയ അണുബാധ (യുടിഐ), ന്യുമോണിയ, അല്ലെങ്കിൽ വയറിലെ ഇൻഫെക്ഷൻ എന്നിങ്ങനെ പല സാധാരണ അണുബാധയും സെപ്സിസിലേക്ക് നയിക്കാം. അണുബാധ ശരീരത്തിൽ പടരുമ്പോൾ, പ്രതിരോധ സംവിധാനം പുറപ്പെടുവിക്കുന്ന രാസവസ്തുക്കൾ രക്തക്കുഴലുകളിൽ വീക്കമുണ്ടാക്കുന്നു. ശരിയായ സമയത്ത് ചികിത്സ ലഭിച്ചില്ലെങ്കിൽ, ഇത് രക്തസമ്മർദ്ദം ക്രമാതീതമായി കുറയാനും (സെപ്റ്റിക് ഷോക്ക്), വൃക്ക, കരൾ, ശ്വാസകോശം, ഹൃദയം തുടങ്ങിയ പ്രധാന അവയവങ്ങളുടെ പ്രവർത്തനത്തെ തകരാറിലാക്കാനും കാരണമാകുന്നു.






**സെപ്സിസിന്റെ മറഞ്ഞിരിക്കുന്ന ലക്ഷണങ്ങൾ**

സെപ്സിസ് തിരിച്ചറിയാൻ വൈകുന്നതാണ് പലപ്പോഴും മരണകാരണമാകുന്നത്. ഇതിന്റെ ലക്ഷണങ്ങൾ മറ്റ് സാധാരണ പനികളുടേതിന് സമാനമായതിനാൽ തുടക്കത്തിൽ അവഗണിക്കപ്പെടാൻ സാധ്യതയുണ്ട്. താഴെ പറയുന്ന ലക്ഷണങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക:

- താപനില: അമിതമായ വിറയലും ഉയർന്ന പനിയും, അല്ലെങ്കിൽ ശരീരതാപനില അസാധാരണമായി കുറയുക.
- അണുബാധ: നിലവിൽ എന്തെങ്കിലും അണുബാധയോ മുറിവോ ഉള്ളവരിൽ പെട്ടെന്ന് ലക്ഷണങ്ങൾ വഷളാകുക.
- മാനസികാവസ്ഥയിലെ മാറ്റം: കടുത്ത ആശയക്കുഴപ്പം, സ്ഥലകാലബോധം നഷ്ടപ്പെടുക, അമിതമായ ഉറക്കം അല്ലെങ്കിൽ ബോധക്ഷയം.
- കഠിനമായ അസ്വസ്ഥത: അതികഠിനമായ വേദന, വേഗത്തിലുള്ള ശ്വാസോച്ഛ്വാസം, ഹൃദയമിടിപ്പ് വർദ്ധിക്കുക, വിളറിയ അല്ലെങ്കിൽ നീലിച്ച ചർമ്മം.

**ബോധവൽക്കരണം എന്ത് കൊണ്ട് അനിവാര്യമാണ്?**

ലോകമെമ്പാടും പ്രതിവർഷം ലക്ഷക്കണക്കിന് ആളുകളാണ് സെപ്സിസ് ബാധിച്ച് മരിക്കുന്നത്. ഹൃദയാഘാതം അല്ലെങ്കിൽ പക്ഷാഘാതം പോലെ തന്നെ അടിയന്തര ചികിത്സ ആവശ്യമുള്ള ഒരു മെഡിക്കൽ എമർജൻസിയാണ് സെപ്സിസ് എന്ന് ഭൂരിഭാഗം ആളുകൾക്കും അറിയില്ല. ഓരോ മണിക്കൂർ ചികിത്സ വൈകുമ്പോഴും രോഗിയുടെ മരണസാധ്യത വർദ്ധിച്ചുകൊണ്ടിരിക്കും. ലക്ഷണങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയാണ് പലപ്പോഴും ചികിത്സ വൈകിക്കുന്നത്.

**സെപ്സിസിനെ എങ്ങനെ അതിജീവിക്കാം?**

നേരത്തെയുള്ള രോഗനിർണ്ണയവും അടിയന്തര ചികിത്സയുമാണ് സെപ്സിസിനെ അതിജീവിക്കാനുള്ള വഴി.

- അടിയന്തര വൈദ്യസഹായം തേടുക: ലക്ഷണങ്ങൾ കണ്ടാൽ ഒട്ടും വൈകാതെ ആശുപത്രിയിൽ എത്തിക്കുക. ആദ്യത്തെ മണിക്കൂറുകളിൽ നൽകുന്ന ആന്റിബയോട്ടിക്കുകളും ഐ.വി ഫ്ലൂയിഡുകളും ജീവൻ രക്ഷിക്കാൻ നിർണായകമാണ്.
- പ്രതിരോധം: അണുബാധകൾ വരാതെ നോക്കുക എന്നതാണ് ഏറ്റവും വലിയ പ്രതിരോധം. കൃത്യമായ വാക്സിനേഷനുകൾ എടുക്കുക, വ്യക്തി ശുചിത്വം പാലിക്കുക, ചെറിയ മുറിവുകൾ പോലും കൃത്യമായി വൃത്തിയാക്കി സൂക്ഷിക്കുക. പ്രമേഹം പോലുള്ള അസുഖങ്ങളുള്ളവരും പ്രായമായവരും കൂടുതൽ ജാഗ്രത പാലിക്കണം.

സെപ്സിസ് ഒരു നിശബ്ദ കൊലയാളിയാകാം, പക്ഷേ നാം ജാഗ്രത പാലിച്ചാൽ അതിനെ തോൽപ്പിക്കാൻ കഴിയും. ഈ ലോക സെപ്സിസ് ദിനത്തിൽ, സെപ്സിസിന്റെ ലക്ഷണങ്ങളെക്കുറിച്ച് ബോധവാന്മാരാകാം, അത് മറ്റുള്ളവരിലേക്ക് പങ്കുവെക്കാം. ഓർക്കുക, സമയത്തിന് ഒരു ജീവന്റെ വിലയുണ്ട്.




# രാജ്യാന്തര കപ്പൽ അറ്റകുറ്റപ്പണിശാലയ്ക്കായി കൈകോർത്ത് ഡിപി വേൾഡും കൊച്ചിൻ ഷിപ്പ്‌യാർഡും

**ന്യൂദൽഹി:** കൊച്ചിയിലെ രാജ്യാന്തര കപ്പൽ അറ്റകുറ്റപ്പണിശാലയുടെ (ഐഎസ്ആർഎഫ്) പ്രവർത്തനത്തിനും വിപുലീകരണത്തിനുമായി കൊച്ചിൻ ഷിപ്പ്!യാർഡും ഡിപി വേൾഡിന്റെ ഉപസ്ഥാപനമായ ഡ്രൈഡോക്സ് വേൾഡും കൈകോർക്കുന്നു. ബ്രിക്സ് ഉച്ചകോടിയോട് അനുബന്ധിച്ച് ന്യൂദൽഹിയിൽ നടന്ന ചടങ്ങിൽ ഇരുസ്ഥാപനങ്ങളും ധാരണാപത്രത്തിൽ ഒപ്പുവച്ചു.

ഷിപ്പ് റിപ്പയറിങ് മേഖലയിൽ ഇന്ത്യയിലെ ആദ്യ പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതിയാണിത്. സംയുക്ത സംരംഭത്തിന്റെ പേര് കൊച്ചിൻ ദുബായ് ഇന്റർനാഷനൽ ഷിപ് റിപ്പയർ ഫെസിലിറ്റി. 50:50 പങ്കാളിത്തത്തോടെയാണ് സംയുക്ത കമ്പനി. പ്രാദേശിക, ആഗോള ആവശ്യങ്ങൾ നിറവേറ്റുംവിധം ഐഎസ്ആർഎഫിന്റെ പ്രവർത്തനം കൂടുതൽ മികവുറ്റതാക്കുകയാണ് ലക്ഷ്യമെന്ന് ധാരണാപത്രം ഒപ്പുവയ്ക്കുന്ന ചടങ്ങിൽ കേന്ദ്ര തുറമുഖ, ഷിപ്പിങ് മന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു.

ഇന്ത്യയിലെയും വിദേശത്തെയും വലിയ കപ്പലുകളെ ഉൾക്കൊള്ളാനാകുംവിധം ഐഎസ്ആർഎഫിലെ സൗകര്യങ്ങൾ വിപുലമാക്കും. സഹകരണത്തിലൂടെ, തുടക്കത്തിൽ പ്രതിവർഷം 80 വെസ്സലുകളുടെ അറ്റകുറ്റപ്പണിയാണ് ഉന്നമിടുന്നത്. കേന്ദ്രത്തിലെ വർക്സ്റ്റേഷനുകളുടെ എണ്ണം നിലവിലെ 6ൽ നിന്ന് 16 എണ്ണവുമാക്കും.

2030ഓടെ ലോകത്തെ ഏറ്റവും വലിയ 10 കപ്പൽ നിർമാണരാജ്യങ്ങളിൽ ഒന്നാവുകയാണ് ഇന്ത്യയുടെ ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. രാജ്യം സ്വാതന്ത്ര്യത്തിന്റെ 100ാം വാർഷികമാഘോഷിക്കുന്ന 2047ഓടെ ടോപ് 5ൽ പ്രവേശിക്കാനും ലക്ഷ്യമിടുന്നു. കൊച്ചിൻ ഷിപ്പ്!യാർ!ഡും ഡ്രൈ ഡോക്സും തമ്മിലെ കരാർ ശ്രദ്ധേയമാണെന്നും ഭാവിയിൽ സമാനപദ്ധതികൾ രാജ്യത്തെ മറ്റിടങ്ങളിലേക്ക് വ്യാപിപ്പിക്കുമെന്നും കേന്ദ്ര ഷിപ്പിങ് സെക്രട്ടറി വിജയ് കുമാർ പറഞ്ഞു. ദക്ഷിണ കൊറിയൻ കമ്പനിയായ എച്ച്ഡി ഹ്യുണ്ടായ്, ഡച്ച് കമ്പനിയായ ഐഎച്ച്സി, ഇറ്റലിയുടെ ഫിൻകാൻടിയേറി തുടങ്ങിയവ താൽപ്പര്യം അറിയിച്ചിട്ടുമുണ്ട്.

ഡ്രൈഡോക്സ് വേൾഡ് സിഇഒ ക്യാപ്റ്റൻ റാഡോ ആന്റോലോവിക് കൊച്ചിൻ ഷിപ്പ്‌യാർഡ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ വി.ജെ. ജോസ് എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. 2025ലെ ഇന്ത്യ മാരിടൈം വീക്കിനിടെ ഡ്രൈഡോക്സ് വേൾഡും കൊച്ചിൻ ഷിപ്പ്‌യാർഡും ഒപ്പുവച്ച ധാരണാപത്രത്തിന്റെ തുടർച്ചയായാണ് പുതിയ സംയുക്ത സംരംഭം.

കൊച്ചിയിൽ വില്ലിങ്ടൺ ഐലൻഡിലാണ് ഐഎസ്ആർഎഫ്. കൊച്ചിൻ പോർട്ട് അതോറിറ്റിയിൽ നിന്ന് പാട്ടത്തിനെടുത്ത പ്രദേശത്ത് 970 കോടി നിക്ഷേപത്തോടെയാണ് കൊച്ചിൻ ഷിപ്പ്‌യാർഡ് പദ്ധതി സജ്ജമാക്കിയത്.

നിലവിൽ ഒരേസമയം 6 കപ്പലുകളെയും വർഷം 82 കപ്പലുകളെയും കൈകാര്യം ചെയ്യാനുള്ള ശേഷിയുണ്ട്.




# എംഎസ്എംഇകൾ പ്രവർത്തനക്ഷമത വർധിപ്പിക്കണം: ഗ്രേസി റെജി

**കൊച്ചി:** എംഎസ്എംഇ സ്ഥാപനങ്ങൾ ഉത്പാദനശേഷിയും പ്രവർത്തനക്ഷമതയും തുടർച്ചയായി വർധിപ്പിക്കുകയാണു വേണ്ടതെന്ന് എംഎസ്എംഇ വിഭാഗം നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡ് സ്റ്റേറ്റ് ഹെഡ് ഗ്രേസി റെജി.

കേരള മാനേജ്മെൻറ് അസോസിയേഷൻ എംഎസ്എംഇ ഫോറം എംഎസ്എംഇകളുടെ ശേഷി വർധനയെന്ന വിഷയത്തിൽ സംഘടിപ്പിച്ച പ്രഭാഷണപരിപാടിയിൽ സംസാരിക്കുകയായിരുന്നു അവർ.വിപണിയിലെ മാറ്റങ്ങൾക്കനുസരിച്ച് ഉത്പന്നങ്ങളിലും പ്രവർത്തനരീതികളിലും മാറ്റം വരുത്താനുള്ള കഴിവ് സംരംഭകർ വികസിപ്പിക്കണം. വ്യത്യസ്തമായ ആശയവും ഉത്പന്നവും ഉപഭോക്താക്കളെ ആകർഷിക്കുന്ന തരത്തിലുള്ള പ്രത്യേകതയും കൈവരിക്കേണ്ടത് കടുത്ത മത്സരത്തെ അതിജീവിക്കാൻ സഹായിക്കുമെന്നും ഗ്രേസി റെജി അഭിപ്രായപ്പെട്ടു.കേരള മാനേജ്മെൻറ് അസോസിയേഷൻ പ്രസിഡൻറ് അൽജിയേഴ്സ് ഖാലിദ് അധ്യക്ഷത വഹിച്ചു. കെ.വി. ജോസ് സ്വാഗതവും ലേഖ ബാലചന്ദ്രൻ നന്ദിയും പറഞ്ഞു.



# ബാങ്ക് ഓഫ് ബറോഡ 'ബോബ് വേൾഡ് 2.0' പുറത്തിറക്കി

**മുംബൈ:** ആർട്ടിഫിഷൽ ഇൻറലിജൻസിന്റെ പിൻബലത്തിൽ പ്രവർത്തിക്കുന്ന ബാങ്ക് ഓഫ് ബറോഡയുടെ പുതുതലമുറ മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷനായ 'ബോബ് വേൾഡ് 2.0' മുംബൈയിൽ നടന്ന ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൽ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിലെ ഡിപ്പാർട്ട്മെൻറ് ഓഫ് ഫിനാൻഷ്യൽ സർവീസസ് സെക്രട്ടറി സഞ്ജയ് ലോഹ്യയും ബാങ്ക് ഓഫ് ബറോഡ എംഡിയും സിഇഒയുമായ ഡോ. ദേബദത്ത ചന്ദും ചേർന്ന് അവതരിപ്പിച്ചു.

വോയ്സ് കമാൻഡിലൂടെ പണമിടപാടുകൾ നടത്താൻ സഹായിക്കുന്ന വോയ്സ് എനേബിൾഡ് സംവിധാനം, സാമ്പത്തിക ഇടപാടുകൾ പൂർണമായി വിലയിരുത്താൻ സഹായിക്കുന്ന പേഴ്സണൽ ഫിനാൻഷ്യൽ മാനേജ്മെൻറ് മൊഡ്യൂൾ, ഹൈപ്പർപേഴ്സണലൈസേഷൻ സൗകര്യവും തത്സമയ സംരക്ഷണം ഉറപ്പാക്കുന്ന മൾട്ടിലെയേർഡ് സുരക്ഷാക്രമീകരണങ്ങളും ഈ പുതിയ ആപ്പിലുണ്ട്.

# ഒടിപിക്ക് പകരം ഫിംഗർ പ്രിന്റ്; സാമ്പത്തിക മേഖലയിൽ വൻ മാറ്റങ്ങൾ വരുന്നു

**ന്യൂദൽഹി:** റുപേയ് കാർഡ് ഉടമകൾക്ക് ഓൺലൈൻ ഷോപ്പിങ് നടത്തുമ്പോൾ കാർഡ് വിവരങ്ങൾ ടൈപ്പ് ചെയ്യണമെന്നില്ല. നിങ്ങളുടെ ഫോണിൽ എൻഎഫ്സി (നിയർ ഫീൽഡ് കമ്യൂണിക്കേഷൻ) സംവിധാനമുണ്ടെങ്കിൽ കയ്യിലുള്ള കാർഡ് ഫോണിലൊന്നു മുട്ടിച്ചാൽ മതി. ഫലത്തിൽ കാർഡ്, ഒടിപി വിവരങ്ങൾ നൽകാതെ ഞൊടിയിടയിൽ പേയ്മെന്റ് പൂർത്തിയാക്കാം. 5,000 രൂപ വരെയുള്ള ഇടപാടുകൾക്ക് പിൻ നൽകേണ്ടതില്ല.

മുംബൈയിൽ സമാപിച്ച ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിലാണ് ഇതടക്കമുള്ള ഫീച്ചറുകൾ അവതരിപ്പിച്ചത്. വൈകാതെ ഉപയോക്താക്കൾക്ക് ഈ സൗകര്യങ്ങൾ ലഭ്യമായിത്തുടങ്ങും.

ഫോൺ തന്നെ മെട്രോ കാർഡ്: മെട്രോയിൽ സഞ്ചരിക്കുന്നവർക്ക് ഫിസിക്കൽ കാർഡിനു പകരം ഫോണിനെ ഒരു സ്മാർട് കാർഡാക്കി മാറ്റാം.

ഫോൺ മെട്രോയുടെ ഗേറ്റിൽ മുട്ടിച്ചാൽ മതി. നിലവിൽ ഫോണിൽ സ്മാർട് കാർഡ് സൗകര്യമുണ്ടെങ്കിലും ആപ് തുറന്ന് ക്യുആർ കോഡ് സ്കാൻ ചെയ്യേണ്ടതുണ്ടായിരുന്നു. എൻഎഫ്സി ഉള്ള ഫോണുകളിൽ ആപ് തുറക്കേണ്ട. ഇന്റർനെറ്റ് ഇല്ലാത്തപ്പോഴും പ്രവർത്തിക്കും.

ഒടിപിക്ക് പകരം ഫിംഗർപ്രിന്റ്: റുപേയ് കാർഡ് ഇടപാടുകൾക്ക് ഒടിപി നൽകുന്നതിനു പകരം ഫിംഗർപ്രിന്റ് നൽകുകയോ അല്ലെങ്കിൽ ഫെയ്സ് ഒതന്റിക്കേഷൻ നടത്തുകയോ ചെയ്താൽ മതി. ഒടിപി തട്ടിപ്പുകളും ഒഴിവാകും.

യുപിഐ വഴി റുപേയ്: റുപേയ് കാർഡുകളെ യുപിഐ ആപ്പുകളുമായി ബന്ധിപ്പിക്കാനുള്ള സൗകര്യം നിലവിൽ ലഭ്യമാണ്. എന്നാൽ ഇതുപയോഗിച്ച് ഇന്ത്യയിൽ മാത്രമേ ഇടപാട് നടത്താൻ കഴിയുമായിരുന്നുള്ളൂ. അധികം വൈകാതെ ഫ്രാൻസ്, മൊറീഷ്യസ്, യുഎഇ, യുഎസ് എന്നീ രാജ്യങ്ങളിൽ ഈ സേവനം ലഭ്യമാകും. ഫലത്തിൽ വിദേശത്തേക്കു പോകുന്ന ഇന്ത്യക്കാർക്ക് റുപേയ് കാർഡിലെ പണം യുപിഐ വഴി ചെലവഴിക്കാനാകും.

യുണിഫൈഡ് ടിക്കറ്റിങ് പ്ലാറ്റ്ഫോം: മെട്രോ സർവീസുകൾക്കും വിനോദസഞ്ചാരകേന്ദ്രങ്ങൾക്കുമുള്ള ഏകീകൃത ഡിജിറ്റൽ ടിക്കറ്റിങ് സംവിധാനം. ചെന്നൈ മെട്രോയിൽ ഇതിന്റെ പരീക്ഷണം ആരംഭിച്ചു.

# 7,900 എംഎഎച്ച് ബാറ്ററിയും ആകർഷക ഫീച്ചറുകളുമായി റെഡ്മി 17 5ജി വിപണിയിൽ



**കൊച്ചി:** ദൈനംദിന ഉപയോഗത്തിന് അനുയോജ്യമായ മികച്ച പ്രവർത്തനക്ഷമതയും ദീർഘനേരം നീണ്ടുനിൽക്കുന്ന ബാറ്ററിയുമുള്ള റെഡ്മി 17 5ജി ഷവോമി ഇന്ത്യ പുറത്തിറക്കി. സ്നാപ്ഡ്രാഗൺ 4 ജെൻ 5 മൊബൈൽ പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്ന ഈ സ്മാർട്ട്ഫോണിൽ 120 ഹെർട്സ് അഡാപ്റ്റീവ് സിങ്ക് പിന്തുണയുള്ള 6.9ഇഞ്ച് എച്ച്ഡി പ്ലസ് ഡിസ്പ്ലേ, ഡ്യുവൽ സ്റ്റീരിയോ സ്പീക്കറുകൾ, കോർണിംഗ് ഗൊറില്ല ഗ്ലാസ് 7ഐ സംരക്ഷണം എന്നിവ നൽകിയിട്ടുണ്ട്. ഷവോമി ഹൈപ്പർ ഒഎസ് 3ൽ പ്രവർത്തിക്കുന്ന ഈ ഉപകരണം മൾട്ടിടാസ്കിംഗിലും ഗെയിമിംഗിലും മികച്ച പ്രകടനം കാഴ്ചവെക്കുന്നു.

7,900 എംഎഎച്ച് ശേഷിയുള്ള വലിയ ബാറ്ററിയും 45 വാട്ട് ഫാസ്റ്റ് ചാർജിംഗും 22.5 വാട്ട് വയർഡ് റിവേഴ്സ് ചാർജിംഗുമാണ് ഇതിന്റെ പ്രധാന ആകർഷണം. ക്ലിയർ ചിത്രങ്ങൾക്കായി 50 മെഗാപിക്സൽ എഐ ഡ്യുവൽ ക്യാമറയും, 8 മെഗാപിക്സൽ ഫ്രണ്ട് ക്യാമറയും ഇതിലുണ്ട്. കൂടാതെ ഐപി64 റേറ്റിംഗ്, 2 ടെറാബൈറ്റ് വരെ വർദ്ധിപ്പിക്കാവുന്ന സ്റ്റോറേജ്, സൈഡ്മൗണ്ടഡ് ഫിംഗർപ്രിന്റ് സെൻസർ, 3.5 എംഎം ഹെഡ്ഫോൺ ജാക്ക് എന്നിവയ്ക്കൊപ്പം കണ്ണിന്റെ സംരക്ഷണത്തിനായി ട്യുവ് റൈൻലാൻഡിന്റെ സർട്ടിഫിക്കേഷനുകളും ഈ ഫോണിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അബ്സല്യൂട്ട് ബ്ലാക്ക്, എൻഡ്ലെസ് ബ്ലൂ, വീഗൻ ലെതർ ഫിനിഷിലുള്ള എറ്റേണൽ ഓറഞ്ച് എന്നീ നിറങ്ങളിൽ ഇത് ലഭ്യമാണ്.

6 ജിബി + 128 ജിബി വേരിയന്റിന് 23,999 രൂപയും, 8 ജിബി + 128 ജിബി വേരിയന്റിന് 26,999 രൂപയുമാണ് വില. റെഡ്മി 17 5ജി എംഐ ഡോട്ട് കോം, ആമസോൺ, ഷവോമി റീട്ടെയിൽ സ്റ്റോറുകൾ എന്നിവ വഴി വാങ്ങാൻ സാധിക്കും.




# കൊച്ചിയിൽ ഹിറ്റാച്ചി എക്സ്പീരിയൻസ് സെന്റർ തുറന്നു

**കൊച്ചി:** കൊച്ചിയിൽ അത്യാധുനിക ‘ഹിറ്റാച്ചി കൂളിംഗ് ആൻഡ് ഹീറ്റിംഗ് എക്സ്പീരിയൻസ് സെന്റർ’ തുറന്നു. ലൈറ്റ് കൊമേഴ്സ്യൽ ബിസിനസ് വിഭാഗം മേധാവി രാജേഷ് നഗാതി ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ ആർക്കിടെക്ടുമാർ, കൺസൾട്ടന്റുമാർ, ബിസിനസ് പങ്കാളികൾ എന്നിവർ പങ്കെടുത്തു. ദക്ഷിണേന്ത്യയിലെ നവീകരണ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന കൊച്ചിയിൽ ഊർജക്ഷമതയുള്ള ലോകോത്തര കൂളിംഗ് സൊല്യൂഷനുകൾ എത്തിക്കാനുള്ള കമ്പനിയുടെ പ്രതിബദ്ധതയാണ് ഈ കേന്ദ്രമെന്ന് സൗത്ത് ആൻഡ് വെസ്റ്റ് റീജിയണൽ ഹെഡ് സാജു നുറുക്കുപറമ്പിൽ വ്യക്തമാക്കി.

ദീർഘകാല ചാനൽ പങ്കാളിയായ ‘കൃഷ്ണ വെതർ സിസ്റ്റംസുമായി’ സഹകരിച്ച് ഷാബു നായരുടെ നേതൃത്വത്തിലാണ് ഈ എക്സ്പീരിയൻസ് സെന്റർ യാഥാർത്ഥ്യമാക്കിയിരിക്കുന്നത്. ബെംഗളൂരുവിലെ വിജയകരമായ അനുഭവസമ്പത്തുമായാണ് ഈ സംരംഭമെന്നും, ഉപഭോക്താക്കൾക്ക് ഹിറ്റാച്ചിയുടെ നൂതന ഉൽപ്പന്നങ്ങൾ നേരിട്ട് കണ്ടു മനസിലാക്കാനും വിദഗ്ധ മാർഗനിർദേശം നേടാനും ഇതിലൂടെ സാധിക്കുമെന്നും ഷാബു നായർ പറഞ്ഞു. കൺസൾട്ടന്റുമാർക്കും വീടുകളുടെ ഉടമകൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിലാണ് ഈ സമഗ്ര അനുഭവകേന്ദ്രം രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇന്റലിജന്റ് ഇൻവെർട്ടർ സാങ്കേതികവിദ്യ, സ്മാർട്ട് ഹോം ഇന്റഗ്രേഷൻ, ഇന്ത്യൻ കാലാവസ്ഥയ്ക്ക് അനുയോജ്യമായ ക്ലൈമറ്റ് ടെസ്റ്റിംഗ് തുടങ്ങിയ അത്യാധുനിക സംവിധാനങ്ങൾ ഇവിടെ ലഭ്യമാണ്.

# സോളാർയാൻ ആലുവയിൽ പ്രവർത്തനം ആരംഭിച്ചു

**കൊച്ചി:** പ്രമുഖ ക്ലീൻ എനർജി കമ്പനിയായ സോളാർയാൻ, കേരളത്തിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആലുവയിൽ പുതിയ ഓഫീസ് ആരംഭിച്ചു. കമ്പനിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ ചിരാഗ് പട്ടേൽ ഓഫീസ് ഉദ്ഘാടനം ചെയ്തു. ദക്ഷിണേന്ത്യൻ വിപണി ലക്ഷ്യമിട്ടുള്ള കമ്പനിയുടെ തന്ത്രപ്രധാനമായ ചുവടുവെപ്പാണിത്.




കേരളത്തിൽ ഹൈബ്രിഡ് എനർജി, ബാറ്ററിസ്റ്റോറേജ് സൊല്യൂഷനുകൾക്ക് വർദ്ധിച്ചുവരുന്ന ആവശ്യകത മുൻനിർത്തിയാണ് ആലുവയിൽ പുതിയ കേന്ദ്രം തുറന്നിരിക്കുന്നത്. സെയിൽസ് പ്രവർത്തനങ്ങൾ, ടെക്നിക്കൽ ട്രെയിനിങ്, ആഫ്റ്റർസെയിൽസ് സർവീസ് എന്നിവയ്ക്ക് ഈ ഓഫീസ് നേതൃത്വം നൽകും. ’സോളാർയാൻ 2.0 എനർജി ഇൻഡിപെൻഡൻസ് സീരീസ്’ എന്ന സംരംഭത്തിന്റെ ഭാഗമായാണ് ഈ വിപുലീകരണം.

ഹൈബ്രിഡ് ഇൻവെർട്ടറുകൾ, ബാറ്ററികൾ, ഇവി ചാർജറുകൾ, സ്മാർട്ട് മോണിറ്ററിംഗ് സൊല്യൂഷനുകൾ തുടങ്ങിയവ കേരളത്തിലെ ഉപയോക്താക്കൾക്കും ചാനൽ പാർട്ണർമാർക്കും കൂടുതൽ അടുത്ത് എത്തിക്കാൻ ഈ ഓഫീസിലൂടെ സാധിക്കുമെന്ന് സിഇഒ ചിരാഗ് പട്ടേൽ പറഞ്ഞു. കർണാടകത്തിനും തമിഴ്നാട്ടിനും പിന്നാലെ ദക്ഷിണേന്ത്യയിലുടനീളം സാന്നിദ്ധ്യം വ്യാപിപ്പിക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു.

# എച്ച്ഡിഎഫ്സി എർഗോ ക്വിസിന് കേരളത്തിൽ മികച്ച പ്രതികരണം

**കൊച്ചി:** എച്ച്ഡിഎഫ്സി എർഗോ ജനറൽ ഇൻഷുറൻസ് കമ്പനിയുടെ 11ാമത് ഇൻഷുറൻസ് ക്വിസ് ജൂനിയറിന് കേരളത്തിൽ മികച്ച പ്രതികരണം. ക്ലാസ് 8, 9 വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന ക്വിസിൽ കേരളത്തിലെ 44 നഗരങ്ങളിലായി 438 സ്കൂളുകളിൽ നിന്ന് 1,000ലേറെ വിദ്യാർഥികൾ രജിസ്റ്റർ ചെയ്തു. രാജ്യത്താകെ 600ലേറെ ജില്ലകളിൽ നിന്നായി 16,900ലേറെ വിദ്യാർഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2016ൽ 18 സ്കൂളുകളുമായി ആരംഭിച്ച ക്വിസ് ഇന്ന് 1,100ലേറെ നഗരങ്ങളിലേക്ക് വ്യാപിച്ചു. ഇതുവരെ ഏകദേശം 30 ലക്ഷം വിദ്യാർഥികളിലേക്ക് പരിപാടി എത്തിയിട്ടുണ്ട്. 10 ഇന്ത്യൻ ഭാഷകളിലാണ് ഇത്തവണ ക്വിസ് ഉള്ളടക്കം ഒരുക്കിയത്. നിലവിൽ പ്രാഥമിക റൗണ്ടുകൾ പുരോഗമിക്കുകയാണ്. സെപ്റ്റംബർ 22ന് മുംബൈയിൽ ദേശീയ ഫൈനൽ നടക്കും.



# ഇന്റഗ്രേറ്റഡ് എബിഎസുമായി ഹീറോ ഗ്ലാമർ എക്സ് വിപണിയിൽ

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും സാങ്കേതികത്തികവുള്ള 125 സിസി മോട്ടോർസൈക്കിളായ ‘ഗ്ലാമർ X' ഇന്റഗ്രേറ്റഡ്എബിഎസ് സഹിതം ഹീറോ മോട്ടോകോർപ്പ് വിപണിയിൽ അവതരിപ്പിച്ചു. സിംഗിൾചാനൽ എബിഎസും ഇന്റഗ്രേറ്റഡ് ബ്രേക്കിംഗ് സിസ്റ്റവും സംയോജിപ്പിച്ചുകൊണ്ട് ഈ വിഭാഗത്തിൽ പുതിയൊരു മാനദണ്ഡം സൃഷ്ടിക്കുന്ന ഈ വാഹനം, വാഹനത്തിന്റെ സ്ഥിരത വർദ്ധിപ്പിക്കാനും ബ്രേക്കിംഗ് ദൂരം കുറയ്ക്കാനും സഹായിക്കുന്നു.

വിവിധ റോഡ് സാഹചര്യങ്ങളിൽ സുരക്ഷിതമായ ബ്രേക്കിംഗ് അനുഭവം നൽകുന്നതിനൊപ്പം പാനിക് ബ്രേക്ക് അലേർട്ട്, ഹാസാർഡ് ലാമ്പുകൾ എന്നിവയും ഇതിലുണ്ട്. ’H' സിഗ്നേച്ചർ ഉള്ള ഫുൾ എൽഇഡി ലൈറ്റിംഗ് സംവിധാനവും സ്പോർട്ടി ഗ്രാഫിക്സും ഇതിന്റെ രൂപഭംഗി കൂട്ടുന്നു. ആംബിയന്റ് ലൈറ്റിംഗും 60ലധികം ഫീച്ചറുകളുമുള്ള 10.7 സെ.മീ അഡാപ്റ്റീവ് മൾട്ടികളർ കൺസോൾ, ബ്ലൂടൂത്ത് കണക്റ്റിവിറ്റി, ടേൺബൈടേൺ നാവിഗേഷൻ, ഗിയർ ഷിഫ്റ്റ് അഡ്വൈസറി എന്നിവ റൈഡർമാർക്ക് മികച്ച അനുഭവവും കണക്റ്റിവിറ്റിയും നൽകുന്നു.

സുഗമമായ പവർ ഡെലിവറിയും കുറഞ്ഞ NVH നിലവാരവും ഉറപ്പാക്കുന്ന എൻജിൻ 8250 rpmൽ 11.4 ആഒജ കരുത്ത് നൽകുന്നു. കൂടാതെ ഇക്കോ, റോഡ്, പവർ എന്നീ മൂന്ന് റൈഡ് മോഡുകളും ക്രൂയിസ് കൺട്രോൾ സംവിധാനവും ഇതിലുണ്ട്. വീതിയേറിയ ഹാൻഡിൽബാർ, നീളമേറിയ സീറ്റ്, സിടൈപ്പ് യുഎസ്ബി ചാർജിംഗ് പോർട്ട് എന്നിവ യാത്രകൾ കൂടുതൽ സുഖകരമാക്കുന്നു. ബ്ലാക്ക് പേൾ റെഡ്, ബ്ലാക്ക് ടീൽ ബ്ലൂ എന്നീ നിറങ്ങൾക്ക് പുറമേ ഗൺ മെറ്റൽ ഗ്രേ, മാറ്റ് ആക്സിസ് ഗ്രേ എന്നീ പുതിയ നിറങ്ങളിലും ഈ വാഹനം ലഭ്യമാണ്.

പുതിയ മോഡലിന്റെ അവതരണത്തിലൂടെ 125CC വിഭാഗത്തിലെ സുരക്ഷാ മാനദണ്ഡങ്ങൾ പുനർനിർവചിക്കുകയാണെന്ന് ഹീറോ മോട്ടോകോർപ്പ് ഇന്ത്യ ബിസിനസ് യൂണിറ്റ് ചീഫ് ബിസിനസ് ഓഫീസർ അശുതോഷ് വർമ്മ പറഞ്ഞു. രാജ്യത്തുടനീളമുള്ള ഹീറോ മോട്ടോ കോർപ്പ് ഡീലർഷിപ്പുകളിൽ ഈ പുതിയ വേരിയന്റ് ലഭ്യമാണ്.1,01,000 രൂപയാണ് എക്സ് ഷോറൂം വില.